രൂപീകരിക്കപ്പെടുന്ന സ്വാശ്രയഗ്രൂപ്പുകൾക്ക് 9.5 ശതമാനം പലിശ നിരക്കിൽ നൽകിവരുന്ന കാർഷിക വായ്പ യഥാസമയം തിരിച്ചടയ്ക്കുന്ന ഗ്രൂപ്പുകൾക്ക് വായ്പ തുക പലിശരഹിതമാക്കുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും ടി പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിവരുകയും ചെയ്യുന്നുണ്ട്.

(ബി) സ്വാശ്രയ ഗ്രൂപ്പുകൾ സംസ്ഥാനത്തുടനീളം ആരംഭിച്ചു കഴിഞ്ഞതിനാൽ സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിൽവന്നു കഴിഞ്ഞു. ഇപ്രകാരമുള്ള സ്വാശ്രയഗ്രൂപ്പുകൾക്ക് 9.5 ശതമാനം പലിശ നിരക്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നൽകിവരുന്ന വായ്പ യഥാസമയം തിരിച്ചടക്കുന്ന ഗ്രൂപ്പുകൾക്ക് 5 ശതമാനം പലിശ സബ്സിഡി (Production incentive) നൽകാവുന്നതാണെന്ന് സർക്കാരിന്റെ 20-1-1998-ലെ ജി.ഒ.(എം.എസ്) 15/98/കോ-ഓപ്പറേറ്റീവ് നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ബാക്കി 4.5 ശതമാനം പലിശ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്ത് വഴിയുള്ള തുക നൽകുന്നതിനുള്ള നടപടി നടന്നുവരുന്നു. ഇവ പ്രാവർത്തികമാക്കുമ്പോൾ പലിശയില്ലാത്ത കാർഷിക വായ്പ ടി സ്വാശ്രയ ഗ്രൂപ്പ് അംഗങ്ങൾക്ക് ലഭ്യമാകുന്നതാണ്.

(സി) കേരളത്തിലെ കാർഷിക വിളകൾക്ക് പുതിയ ഇറക്കുമതി നയംമൂലം വിലമാന്ദ്യം സംഭവിച്ചിട്ടുണ്ട്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് (കയറ്റുമതി ചെയ്യുന്നവ ഉൾപ്പെടെ) ന്യായമായ വില ലഭിക്കാതെ വരികയും വ്യാപാരം നടക്കാതെ വരികയും ചെയ്യുന്നതുമൂലം വളരെ കഷ്ടതകൾ അനുഭവിച്ചു വരുന്നുണ്ട്. വീണ്ടും കൃഷിയിറക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ കാർഷിക പ്രവർത്തനം ചെലവ് കുറഞ്ഞതും ലാഭകരവുമായി മാറ്റുക, കൃഷിചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം മുടക്കം കൂടാതെ ലഭിക്കുക, കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുക തുടങ്ങിയ ഉദ്ദേശത്തോടുകൂടി കർഷകരെയും കാർഷിക തൊഴിലാളികളെയും ഭൂവുടമകളെയും ഉൾപ്പെടുത്തി കാർഷികവും അനുബന്ധ പ്രവർത്തനങ്ങളും വിജയകരമായി നടപ്പാക്കുന്നതിനാണ് സ്വാശ്രയ ഗ്രൂപ്പ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) കണ്ണൂർ ജില്ലയിൽ 2893 പേർക്കും പാലക്കാട് ജില്ലയിൽ 1632 പേർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

പിന്നോക്ക വിഭാഗക്ഷേമ വകുപ്പ് രൂപീകരണം

8 (*186) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത വകുപ്പ് എന്നത്തേക്ക് നിലവിൽവരും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വകുപ്പിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ;

(ഇ) ഇതിനകം ഈ വകുപ്പിൽ ഏതെങ്കിലും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി&സി) പിന്നോക്ക വിഭാഗ വികസന വകുപ്പ് രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പിന്റെ ഘടന, ചുമതലകൾ എന്നിവയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് നല്കാൻ ശ്രീ. ഇ. അയ്യപ്പൻ ഐ.എ.എസിനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും അദ്ദേഹം റിപ്പോർട്ട് നല്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ ഇപ്പോൾ പഠിച്ചുവരികയാണ്. റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയാലുടൻ ഈ വകുപ്പ് പ്രവർത്തനമാരംഭിക്കുന്നതാണ്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലിരിക്കുകയാണ്.

(ഇ) ഉദ്യോഗസ്ഥർ ആരെയും നിയമിച്ചിട്ടില്ല.

നബാർഡിൽ നിന്നുള്ള വായ്പ

9 (*187) ശ്രീ. ബി. വിജയകുമാർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000-ൽ സംസ്ഥാനത്തിന് നബാർഡ് നീക്കിവച്ച വായ്പാ സഹായം ലഭിക്കാതെ വന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു തുക ലഭിക്കാതെ വന്നു ;

(സി) അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഏതെല്ലാം ഇനങ്ങൾക്കുള്ള എന്തു തുക വീതമുള്ള വായ്പയാണ് നബാർഡ് പ്രസ്തുത വർഷം തടഞ്ഞുവച്ചതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ വർഷം സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന എന്തു തുകയ്ക്കുള്ള വായ്പാ സഹായമാണ് നബാർഡ് തടഞ്ഞുവച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly